# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കേരളശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി പി17-443/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 17/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കേരളശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി പി17-443/23 തീയ്യതി: 17/04/2023

## പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-09-2021 മുതൽ 20-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പി.എസ്. സാബു | ഡെപ്യൂട്ടി ഡയറക്ടർ. | 21-02-2023 | 27-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-02-2023 | 27-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബിജു ആന്റണി.യു, ഓഡിറ്റ് ഓഫീസർ,
ശ്രീമതി. എ. സുജാത, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.എസ്.ഷെഹീർ, സീനി. ഗ്രേഡ് ഓഡിറ്റർ,
ശ്രീ.മോഹനൻ, കെ.എ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഷീബ സുനിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.വിനോദ്.എ.കെ | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീമതി. രജനി.കെ.ആർ | സെക്രട്ടറി | 02-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ദേവപ്രസാദ് .പി.എം. | അസി.എഞ്ചിനീയർ | 01-04-2021 | 05-08-2021 |
| ശ്രീ. അഖില. പി.എസ്. | അസി.എഞ്ചിനീയർ | 06-08-2021 | 31-03-2022 |
| ശ്രീമതി. ബിന്ദു.എസ്.എസ്. | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. വിജയകുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. ഭാഗ്യലക്ഷ്മി.പി.എസ്. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.അർച്ചന.വി. | മെഡിക്കൽ ഓഫീസർ (അലോപ്പതി.) | 01-04-2021 | 31-03-2022 |
| ഡോ.ഷെറീന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി.ഉഷ .സി.പി. | ഹെഡ് മിസ്ട്രസ്(ഇൻ ചാർജ്) | 01-04-2021 | 28-11-2021 |
| ശ്രീമതി. പുഷ്പലത | ഹെഡ് മിസ്ട്രസ് | 29-11-2021 | 31-03-2022 |
| ശ്രീമതി. ശാലിനി.എസ്.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. മഞ്ജു കുര്യൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 22-07-2021 |
| ശ്രീമതി. ദിവ്യ. പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 23-07-2021 | 31-03-2022 |
| ശ്രീമതി. രേഷ്മ .എൻ.ടി. | കൃഷി ഓഫീസർ | 01-04-2021 | 02-11-2021 |
| ശ്രീമതി. രേവതി ചന്ദ്രൻ | കൃഷി ഓഫീസർ | 03-11-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനം വിലയിരുത്തൽ | 1-5-1 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | സ്വകാര്യ സ്കൂളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ സ്ലാബിലുള്ള തൊഴിൽ നികുതി ഈടാക്കുന്നു. | 1-11 |
| 14 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-12 |
| 15 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചില്ല. | 1-13 |
| 16 | വസ്തു നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 17 | വാഹനത്തിന്റെ ഉപയോഗം-മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല | 1-15 |
| 18 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കണം | 1-16 |
| 19 | ഭവന പുനരുദ്ധാരണ പദ്ധതി - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-17 |
| 20 | സമഗ്ര നെൽകൃഷി വികസനം - കൂലി ചെലവ് - ആവശ്യമായ തുക വകയിരുത്തിയിട്ടിലൽ | 1-18 |
| 21 | ന്യൂട്രീമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു | 1-19 |
| 22 | അങ്കണവാടി പോഷകാഹാരം - അധിക തുക അനുവദിച്ചിരിക്കുന്നു | 1-20 |
| 23 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-21 |
| 24 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-22 |
| 25 | വണ്ടി വാടക – ഒരു വണ്ടിയിലെ ഒരേ ദിവസത്തെ യാത്രയ്ക്ക് രണ്ട് | 1-23 |

| | | |
|---|---|---|
| | പദ്ധതികളിൽ നിന്നായി തുക മാറി നൽകിയിരിക്കുന്നു | |
| 26 | സാന്ത്വന പരിചരണം - പരിഷ്കരിച്ച സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-24 |
| 27 | മരാമത്ത് പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. | 1-25 |
| 28 | മരാമത്ത് രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് | 1-26 |
| 29 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ലഭ്യമാകുന്നില്ല. | 1-27 |
| 30 | കുടിവെള്ള പദ്ധതി ഭാഗികമായി ഇനങ്ങൾ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നു. പദ്ധതി ഉപയാഗക്ഷമമായിട്ടില്ല. | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1. |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 23.02.2021 തീയതിയിലെ 1/1-ാം നമ്പർ തീരുമാന പ്രകാരം പാസാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1321543.00 |
| തൻവർഷം വരവ് | 138941010.00 |
| ആകെ വരവ് | 140262553.00 |
| ചെലവ് | 138917010.00 |
| നീക്കിയിരിപ്പ് | 1345543.00 |

2021-22 വർഷത്തിൽ 16.3.22 ലെ 1ാം നം. തീരുമാനപ്രകാരം ബഡ്ജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. വാർഷിക കണക്ക് പ്രകാരം ബഡ്ജറ്റ് വരവിന്റെ 14% വരവും ബഡ്ജറ്റ് ചെലവിന്റെ 12% ചെലവും മാത്രമാണ് യഥാർത്ഥത്തിൽ ഉള്ളത്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31.7.22 | 26.7.22 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1)മുൻവർഷങ്ങളിൽ ലഭിച്ചതിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും തിരിച്ചടച്ചിട്ടില്ല

2) 5.9.2021 വരെ സാംഖ്യ അക്കൗണ്ടും 6.9.21 മുതൽ ഐ എൽ ജി എം എസ് അക്കൗണ്ടുമാണ്. ഓഡിറ്റർ ലോഗിനിൽ പ്രവേശിച്ച് പരിശോധിക്കുമ്പോൾ 5.9.21 തീയതിയിലെ സാംഖ്യ അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയല്ല ഐ എൽ ജി എം എസിൽ മുന്നിരിപ്പായി എടുത്തിട്ടുള്ളത്. ദുരിതാശ്വാസ നിധിയുടെ ബാങ്ക് അക്കൗണ്ടിലെ തുകയൊഴികെ എല്ലാ അക്കൗണ്ടിലെയും തുകകളിൽ വ്യത്യാസം ഉണ്ട്.

സാംഖ്യ അക്കൗണ്ട് പ്രകാരമുള്ള ആകെ നീക്കിയിരിപ്പ്-4323877/-

ഐ എൽ ജി എം എസ് പ്രകാരമുള്ള ആകെ മുന്നിരിപ്പ്-5694436/-

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ലോഗിനിൽ പ്രവേശിച്ച് പരിശോധിക്കുമ്പോൾ തുകകൾക്ക്

വ്യത്യാസം ഇല്ല എന്ന് അറിയിച്ചിട്ടുണ്ട്.

3)5.9.21 തീയതിയിൽ(സാംഖ്യ പ്രകാരം) ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ തുക നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു.

4) അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.
5)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6) ബാലൻസ് ഷീറ്റ് പ്രകാരം (ബി4 ഷെഡ്യൂൾ ) സംയുക്തപദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ 1551618/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുക 1000000/- രൂപ മാത്രമാണ്.

7)വികസനഫണ്ട് (എസ് സി പി) എ സി ആർ പ്രകാരം ചെലവ് 5260217.00/- രൂപയാണെങ്കിലും വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് 5030516/- രൂപ മാത്രമാണ്

(8)മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് എ സി ആർ പ്രകാരം ചെലവ് 3811027/- രൂപയാണെങ്കിലും വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് 3484430/- രൂപ മാത്രമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5694436 |
| വരവ് | 56120600 |
| ആകെ | 61815036 |
| ചെലവ് | 58903483 |
| നീക്കിയിരിപ്പ് | 2911553 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 9704435 | 9704435 | 9704435 | 0 |
| വികസനഫണ്ട് -എസ്.സി.പി (**) | 0 | 5636765 | 5636765 | 5030516 | 606249 |
| മെയ്ന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 19592000 | 19592000 | 8355609 | 11236391 |
| മെയ്ന്റനൻസ് ഗ്രാന്റ്-നോൺ റോഡ്*** | 0 | 4853319 | 4853319 | 3484430 | 1368889 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ഗ്രാന്റ്-New**** | 0 | 2084000 | 2084000 | 1872964 | 211036 (ബാങ്കിൽ) |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New**** | 0 | 3126000 | 3126000 | 2672777 | 453223 (ബാങ്കിൽ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 571826.00 | 571826.00 | 467462 | 104364 (ലാപ്സ് ആയി) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 2659624.00 | 2659624.00 | 1560670 | 1098954 (ലാപ്സ് ആയി) |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 1488565/-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 135235/- മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല. എ സി ആർ പ്രകാരം ചെലവ് 5260217.00/- രൂപയാണെങ്കിലും വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് 5030516/- രൂപ മാത്രമാണ്

(***)മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് എ സി ആർ പ്രകാരം ചെലവ് 3811027/- രൂപയാണെങ്കിലും വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് 3484430/- രൂപ മാത്രമാണ്

(****)എ സി ആർ പ്രകാരം നീക്കിയിരിപ്പ് തുക211036/- രൂപയാണെങ്കിലും പലിശയിനത്തിൽ ലഭിച്ച തുക38512/- (ബാങ്ക് ചാർജ് 2358/- കുറവ് ചെയ്ത് 36154/-) രൂപയുൾപ്പെടെ വാർഷികകണക്കിലെ നീക്കിയിരിപ്പ് 247190/- രൂപയാണ്. ടൈഡ് ഫണ്ടിനും അൺടൈഡ് ഫണ്ടിനുമായി ലഭിച്ച പലിശ തുക അൺടൈഡ് ഫണ്ടിൽ മാത്രമാണ് രേഖപ്പെടുത്തിയത്

കേന്ദ്രാവിഷ്കൃതം

1. ICDS

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 206030 | 571358 | 777388 | 511261 | 266127 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4955 | 3271352 | 3276307 | 3276297 | 10 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 28930514 | 28930514 | 28930514 | 0 |
| ആകെ | 4955 | 32201866 | 32206821 | 32206811 | 10 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 0 | 2360000 | | 2360000 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1553156 | 0 | 1553156 | 1272816 | 280340 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 95706562 | 110 | 42654498 | - | 31 | 78 |

## 1-5-1 നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനം വിലയിരുത്തൽ

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4939358 | 5 | 3987870 | 80.74 |
| വെറ്ററിനറി സർജൻ | 7 | 3162400 | 6 | 1309692 | 41.41 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 7 | 1364000 | 7 | 918218 | 67.32 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 850000 | 1 | 350000 | 41.18 |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 1100000 | 2 | 1100000 | 100 |
| വി.ഇ.ഒ | 17 | 47884986 | 17 | 12086808 | 25.24 |
| ICDS സൂപ്പർ വൈസർ | 4 | 2814876 | 4 | 2566261 | 91.17 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 970000 | 2 | 877921 | 90.51 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 28 | 10937668 | 11 | 2025631 | 18.52 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 62 | 20293274 | 50 | 16063210 | 79.16 |
| ഹെഡ് മാസ്റ്റർ | 2 | 800000 | 2 | 800000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 590000 | 3 | 568887 | 96.42 |
|  | 141 | 95706562 | 110 | 42654498 | 44.57 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4955 | 3271352 | 3276307 | 3276297 | 10 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 28930514 | 28930514 | 28930514 | - |
| ആകെ | 4955 | 32201866 | 32206821 | 32206811 | 10 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 3724000 | 244 |
| 2 | വാർദ്ധക്യകാല പെൻഷൻ | 22985800 | 1639 |
| 3 | വികലാംഗ പെൻഷൻ | 2840400 | 184 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1839600 | 114 |
| 5 | വിധവാ പെൻഷൻ | 10884400 | 714 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-02-2023 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3.10ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5546/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. .

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വെറ്ററിനറി സർജൻ, വി.ഇ.ഒ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഉപയോഗിച്ചിട്ടുള്ള രസീതി പുസ്തകങ്ങളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ രസീതികൾ മുഖേന കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

തനത് ഫണ്ട് വൗച്ചറുകളിൽ എല്ലാ അനുബന്ധരേഖകളും ഐ എൽ ജി എം എസ് സോഫ്റ്റ്വെയറിൽ അപ്‌ലോഡ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്.

സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്.

അസി.എഞ്ചിനീയറുടെ ഫയലുകളിൽ എല്ലാ രേഖകളും ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആസ്തി

രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഏറ്റവും ഒടുവിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2008-09 To 2012-13 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

പെർഫോമൻസ് ഓഡിറ്റ് ഡിസംബർ 2022വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. 9 പരാമർശങ്ങളാണ് തീർപ്പാക്കുവാൻ അവശേഷിക്കുന്നത്.

1-11 സ്വകാര്യ സ്കൂളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ സ്ലാബിലുള്ള തൊഴിൽ നികുതി ഈടാക്കുന്നു.

സി.ബി.എസ്.ഇ യുടെ 18.10.2018ലെ അഫിലിയേഷൻ ബൈലോയിലെ 5.2.2 പ്രകാരം അധ്യാപക-അനധ്യാപക ജീവനക്കാരുടെ വേതനത്തെക്കുറിച്ച് “The Teaching And Non Teaching Staff Should Be Appointed On Pay Scales Prescibed By The Appropriate Government." എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്കൂളിലെ 2021-22 വർഷത്തിലെ രണ്ട് അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ, മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ജീവനക്കാരുടെ അർദ്ധ വർഷ തൊഴിൽ നികുതി അടവാക്കിയത് |
|---|---|---|
| 1 | എസ്.ബി.എസ്. വിദ്യാനികേതൻ, കേരളശ്ശേരി | ഒന്നാം അർദ്ധ വർഷം - 780/- (രശീത് നമ്പർ 1210102849/17-03-2022)<br>രണ്ടാം അർദ്ധ വർഷം - 780/- (രശീത് നമ്പർ 1210102850/17-03-2022) |

സർക്കാർ നിഷ്കർഷിക്കുന്ന നിരക്കിലുള്ള ശമ്പളം തൊഴിൽ നികുതി പത്രികകളിൽ രേഖപ്പെടുത്താത്തതിനാൽ, തൊഴിൽ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഗണ്യമായ നഷ്ടം സംഭവിക്കുന്നുണ്ട്. ഇതിൽ എസ്.ബി.എസ്. വിദ്യാനികേതൻ, കേരളശ്ശേരിയുടെ അർദ്ധവാർഷിക വരുമാനപത്രിക പ്രകാരം (പ്രധാനധ്യാപിക - 1, അധ്യാപിക – 4, ആയ - 1) എന്നീ 6ജീവനക്കാരുടെ, 6 മാസത്തെ ആകെ വരുമാനമായി രേഖപ്പെടുത്തിയിരിക്കുന്നത് 12000 മുതൽ 18000 രൂപ വരെയാണ്. ഓരോ അർദ്ധ വർഷങ്ങളിലെയും ആകെ വരുമാനമായി കാണിച്ചിരിക്കുന്നത് 90000/- രൂപ വീതമാണ്.

തൊഴിൽ നികുതി റിട്ടേൺ പ്രകാരം ഓരോ ജീവനക്കാരുടെയും മാസ വരുമാനം 2000/-, 2500/- , 3000/-രൂപയാണ്. അതിനാൽ അൺ എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ വേതനത്തിൽ ഗ്രാമപഞ്ചായത്തിന് വ്യക്തത ഇല്ലാത്തതായി ഓഡിറ്റ് വിലയിരുത്തുന്നു. വിവിധ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ യഥാർത്ഥ വരുമാനം പരിശോധിച്ച് ഉറപ്പ് വരുത്തി അവയ്ക്ക് ബാധകമാകുന്ന ഉയർന്ന സ്ലാബിൽ തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം : 4/23-02-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത്

ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽ നികുതിയും, സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതിയും ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(A) താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | ശ്രീനാരായണ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് | ഒന്നാം അർദ്ധ വർഷം |

(B) താഴെ പറയുന്ന അംഗീകൃത കരാറുകാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് (AE യുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം തയ്യാറാക്കിയത്) |
|---|---|
| 1 | മുബാറക് |

ഓഡിറ്റ് അന്വേഷണം നമ്പർ 3/23-02-2023 ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് അന്വേഷണത്തിൽ പറഞ്ഞ ക്രമ നമ്പർ 1 മുതൽ 16 വരെയുള്ള കരാറുകാരിൽ ശ്രീ. മുബാറക് ഒഴികെയുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കുകയുണ്ടായി.

ഓഡിറ്റ് നിർദ്ദേശം

തൊഴിൽ നികുതി ഈടാക്കാത്ത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും, രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-13 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ മേൽ വിജ്ഞാപനങ്ങൾ പ്രകാരമുള്ള ഉപയോഗക്രമങ്ങളുടെ നികുതി

നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. നികുതി നിരക്ക് നിർണ്ണയിക്കാത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 3 | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 5 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ മേൽ ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിർണ്ണയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ 5/23-02-2023 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വിജ്ഞാപനം സംബന്ധിച്ച് 27-02-2023 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനമെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-14 വസ്തു നികുതി ഈടാക്കിയിട്ടില്ല.

സഞ്ചയയിലെ നിലവിലെ ഡാറ്റ പ്രകാരം പഞ്ചായത്ത് പരിധിയിൽ 7 മൊബൈൽ ടെലിഫോൺ ടവറുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. സഞ്ചയയിലെ അസ്സസ്സ്മെന്റ് പ്രകാരം വസ്തു നികുതി കുടിശ്ശിക വരുത്തിയ ടെലിഫോൺ ടവറിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം നം | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കുടിശ്ശികയായ വർഷം | നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 7/428 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 2019-20 മുതൽ | 4332/- (4125 + |

| | | | | |
|---|---|---|---|---|
| | | | 2021-22 വരെ ഒന്നം രണ്ടും അർദ്ധ വർഷം | 207) അർദ്ധ വർഷം |

വസ്തു നികുതി കുടിശ്ശിക ഈടാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/23-02-2023 ന് ലഭ്യമാക്കിയ മറുപടിയിൽ റിലയൻസ് കമ്മ്യൂണിക്കേഷൻസിന്റെ ഉടമസ്ഥതയിലുള്ള 7/428 കെട്ടിട നമ്പർ മൊബൈൽ ടവർ നിലവിൽ പ്രവർത്തനരഹിതമാണെന്നും, ടി ടവറിന്റെ 2019 – 20 മുതൽ 2021 – 22 വരെയുള്ള വസ്തു നികുതി കുടിശ്ശികയ്ക്കായി ഓൺലൈൻ റവന്യൂ റിക്കവറി അപേക്ഷ റിക്വിസിഷൻ നം. 2022/3797/09 തിയ്യതി 17/06/2022 പ്രകാരം റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടെന്നും, ആയത് പ്രകാരം തുക വസൂലാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-15 വാഹനത്തിന്റെ ഉപയോഗം-മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല

പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി ബോലേറോ ജീപ്പ്- KL-09-AN-7512 എന്ന വാഹനമാണ് ഉപയോഗിച്ച് വരുന്നത്. വാഹനത്തിന്റ സൂക്ഷിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നുണ്ട്

- വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച് 30/06/2007ലെ ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ, സർക്കുലർ നം 41/2008/ധനം.തീ.02.08.2008 എന്നീ സർക്കാർ ഉത്തരവിൽ പറയും പ്രകാരമുള്ള റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ എഴുതി സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
- ഇന്ധന ഉപയോഗത്തിന്റെ അളവ് കാര്യമായി വർദ്ധിക്കുന്ന പക്ഷം ഉപയോഗക്ഷമത പുതുക്കി നിശ്ചയിക്കേണ്ടതാണെന്നും നിശ്ചിത ഇടവേളകളിൽ സർവ്വീസിംഗ് നടത്തേണ്ടതാണെന്നും മാർഗ്ഗനിർദ്ദേശമുണ്ട്. ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം തൻവർഷം വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഫ്യുവൽ ടെസ്റ്റ് സമയബന്ധിതമായി നടത്താത്തതിനാൽ വാഹനത്തിന്റെ മൈലേജ് ഗണ്യമായി കുറയുന്നുണ്ടോ എന്നും ഇന്ധനത്തിന്റെ ഉപയോഗം വർദ്ധിക്കുന്നുണ്ടോ എന്നും അറിയുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.
- ലോഗ് ബുക്കിൽ കിലോമീറ്റർ റീഡിംഗ് മാത്രം രേഖപ്പെടുത്തിയാണ് സംക്ഷിപ്തം രേഖപ്പെടുത്തുന്നത്. ഇന്ധന ഉപഭോഗം ഇതിൽ പ്രതിഫലിപ്പിക്കുന്നില്ല.
- വാഹനത്തിന്റെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ് ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

വാഹനത്തിന്റെ പരിപാലനച്ചെലവ്

2021-22 വർഷത്തിൽ വാഹനത്തിന്റെ പരിപാലനത്തിനായി ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വാഹനം | ഡീസൽ(രൂ) | റിപ്പയർ & മെയിന്റനൻസ്(രൂ) |
|---|---|---|
| KL-09-AN-7512 | 82332 | 38171 |

വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/25.2.2023) മറുപടി

ലഭ്യമാക്കുകയുണ്ടായില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-16 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിന്റെയും സേവന പെൻഷൻ ഡാറ്റാബേസിന്റെയും കൃത്യത പരിശോധിക്കുന്നതിനായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ നവംബർ 2022 ലെ ബിൽ ഡിസ്ക്രിപ്പൻസിലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും 2021ലെ മരണ രജിസ്റ്ററുകളും അനുബന്ധഫയലുകളും പരിശോധനാവിധേയമാക്കി. ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റിൽ വിവിധ കാരണങ്ങളാൽ പെൻഷൻ സ്വീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിച്ച് സമയബന്ധിതമായി ഡാറ്റാ ബേസിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

സേവനസോഫ്റ്റ്‌വെയർ പ്രകാരം നവംബർ 2022 ലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ആണ് അവസാനം ജനറേറ്റ് ചെയ്തിട്ടുള്ളത്. ഇതിൽ താഴെ പറയും വിധം 43 പെൻഷൻ ഗുണഭോക്താക്കളാണ് വിവിധ കാരണങ്ങളാൽ പെൻഷൻ തടഞ്ഞുവെക്കപ്പെട്ടതായിട്ടുള്ളത്.

| പെൻഷൻ തടഞ്ഞു വക്കാനുള്ള കാരണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| മസ്റ്ററിംഗ് നടത്തിയിട്ടില്ല / ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല | 10 |
| പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല | 1 |
| Bank Account Closed Or Transferred/invalid Account | 11 |
| Deceased | 19 |
| സർക്കാർ ഉത്തരവ് പ്രകാരം 06.02.2017 ന ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല. | 1 |
| Door Closed | 1 |
| ആകെ | 43 |

മേൽ ലിസ്റ്റിൽ നിന്നും ഏതാനും ഗുണഭോക്താക്കളുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ സേവനയിൽ നിന്നും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

എ. മസ്റ്ററിംഗ് നടത്തിയിട്ടില്ല /ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല എന്ന കാരണത്താൽ ആഗസ്റ്റ് 2019 മുതൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു.

മസ്റ്ററിംഗ് നടത്തിയിട്ടില്ല /ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള ഏതാനും ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള കാലഘട്ടം |
|---|---|---|
| മീനാക്ഷി അമ്മാൾ | 108460200073 | ആഗസ്റ്റ് 2019 നവംബർ 2022 വരെ മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| ലക്ഷ്മി അമ്മ | 108460200817 | ആഗസ്റ്റ് 2019 നവംബർ 2022 വരെ മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| ചന്ദ്രലേഖ | 108460200901 | ആഗസ്റ്റ് 2019 നവംബർ 2022 വരെ മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| രാമചന്ദ്രൻ | 108460201088 | ആഗസ്റ്റ് 2019 നവംബർ 2022 വരെ മുതൽ തടഞ്ഞു വച്ചിരിക്കുന്നു |

ഡിസ്ക്രിപൻസി ലിസ്റ്റിൽ ഈ കാറ്റഗറിയിലുള്ളവർ മരണപ്പെടുകയോ മറ്റേതെങ്കിലും തരത്തിൽ അർഹത നഷ്ടപ്പെടുകയോ ചെയ്തിട്ടുണ്ടോ എന്ന വിവരം പരിശോധനാ വിധേയമാക്കേണ്ടതാണ്.

ബി. Invalid Bank Account എന്ന കാരണത്താൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു

ഈ വിഭാഗത്തിൽ ഉൾപ്പെട്ട ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ കൈപ്പറ്റുന്ന 11 ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നവംബർ 2022 മുതൽ ഇവരുടെ ബാങ്ക് അക്കൗണ്ട് Invalid Bank Account എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് തന്നെയാണുള്ളത്.

എല്ലാ ഗുണഭോക്താക്കളുടെയും തത്സ്ഥിതി പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഐ എഫ് എസ് സി കോഡും അക്കൗണ്ട് നമ്പറും

മാറ്റിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

സി.പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് തുക തടഞ്ഞു വച്ച മാസങ്ങൾ |
|---|---|---|---|
| 1 | ഷീബമോൾ | 108460600635 | മെയ് 2022 മുതൽ നവംബർ 2022 വരെ |

ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ പുനർവിവാഹം കഴിഞ്ഞതാണെന്ന് കണ്ടെത്തി സസ്പെൻഡ് ചെയ്തു.

ഡി.ഡാറ്റാ ബേസിൽ Deceased എന്നു കാണിച്ചിട്ടുള്ള ഗുണഭോക്താക്കളെ യഥാ സമയം സസ്പെൻഡ് ചെയ്യുന്നില്ല

Deceased എന്ന സ്റ്റാറ്റസിൽ 19 ഗുണഭോക്താക്കൾ ഉണ്ട്. സെപ്റ്റംബർ 2022 മുതൽ Deceased ആയവർ ഒഴിവാക്കപ്പെടാനുണ്ട്.

പഴവേലൻ- 108460100093

ദേവകിയമ്മ -1108460200278

എന്നിവർ ഉദാഹരണങ്ങളാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ Deceased എന്ന് രേഖപ്പെടുത്തിയ എല്ലാ ഗുണഭോക്താക്കളേയും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

ഇ.സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങൾ / നിർദ്ദേശങ്ങൾ ഭേദഗതി ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സ. ഉ (എം.എസ്) നം 97/2020/ധന. തീയതി 23.09.2020 പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ/ അർഹതാ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം 06.02.2017 ന് മുമ്പ് സാമൂഹ്യസുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങി വരുന്നവർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ 06.02.2017 മുതൽ ഒരു സാമൂഹ്യസുരക്ഷാപെൻഷന് മാത്രമേ അർഹതയുള്ളൂ. ശ്രീ.രാധാകൃഷ്ണൻ കെ ആർ പെൻഷൻ ഐ.ഡി-108460202296 ഈ ഗുണഭോക്താവിന്റെ 23.1.23 മുതൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഓഗസ്റ്റ് 2022 വരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ അപാകതകളിൻമേൽ തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

എഫ്)മറ്റ് ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ മരണം ഈ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുമ്പോൾ വിവരം കൈമാറുന്നില്ല

സർക്കുലർ നം.63/2021/ധനം, തീയതി-2.8.21 ലെ ഖണ്ഡിക2(1) പ്രകാരം പ്രാദേശികസർക്കാരിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണം പ്രാദേശികസർക്കാർ സെക്രട്ടറി രജിസ്ട്രേഷൻ നടത്തിയതിന്റെ അടുത്തമാസം 10ാം തീയതിക്കുമുമ്പായി അതത് പ്രാദേശികസർക്കാരെ അറിയിക്കുന്നതിനുള്ള നടപടി

സ്വീകരിക്കേണ്ടതും ആയത് പരിശോധിച്ച് മരണമടഞ്ഞ വ്യക്തിയുടെ പെൻഷൻ ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്

മറ്റ് പഞ്ചായത്തിലെ ഗുണഭോക്താവിന്റെ മരണം ഈ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത ഗ്രാമപഞ്ചായത്തിലേക്ക് അറിയിക്കാത്തതിനാൽ സംസ്ഥാന സർക്കാരിന് നഷ്ടം ഉണ്ടാവുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | രജിസ്ട്രേഷൻ നം. | മരണപ്പെട്ടതിനു ശേഷം തുക കൈമാറിയ മാസങ്ങൾ | ആകെ അനർഹമായി കൈമാറിയ തുക |
|---|---|---|---|---|---|---|---|
| 1. | ദേവിയമ്മ കോങ്ങാട് ഗ്രാമപഞ്ചായത്ത് | 108470201864 | OAP | 23.6.21 | 28/2021, 9.7.21 | ഓഗസ്റ്റ് 21 മുതൽ നവംബർ 2022 വരെ | (16*1600) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/23.2.23) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്തിന് 25.2.23 തീയതിയിൽ ഇത് സംബന്ധിച്ച് ഇ-മെയിൽ അയച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കിയത് സംബന്ധിച്ച് കോങ്ങാട് ഗ്രാമപഞ്ചായത്തിൽ നിന്നും വിവരശേഖരണം നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

മറ്റു ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ മരണം ഈ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുമ്പോൾ യഥാസമയം അതത് ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-17 ഭവന പുനരുദ്ധാരണ പദ്ധതി - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

| | | |
|---|---|---|
| പ്രൊജക്ട് നം., പേര് | 53/22, ഭവന പുനരുദ്ധാരണം - പൊതു വിഭാഗം | 54/22, ഭവന പുനരുദ്ധാരണം - പട്ടിക ജാതി |
| അടങ്കൽ | 1170000/- രൂപ (വികസന ഫണ്ട് - ജനറൽ) | 800000/- രൂപ (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | 1155000/- രൂപ | 800000/- രൂപ |
| നിർവഹണം | വി ഇ ഓ | |

മേൽ പദ്ധതികൾ പ്രകാരം 39 ജനറൽ ഗുണഭോക്താക്കൾക്കും 16 എസ് സി ഗുണഭോക്താക്കൾക്കും വീട് വാസയോഗ്യമാക്കലിനായി ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) സബ്സിഡി-ധനസഹായ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 യിലെ ഖണ്ഡിക 6.7(6) പ്രകാരം വീട് വാസയോഗ്യമാക്കലിനായി ജനറൽ ഗുണഭോക്താവായ ഒരാൾക്ക് പരമാവധി 100000 രൂപയും എസ് സി ഗുണഭോക്താവായ ഒരാൾക്ക് പരമാവധി 150000

രൂപയും വകയിരുത്താവുന്നതാണ്. എന്നാൽ ഭവന പുനരുദ്ധാരണം - പൊതു വിഭാഗം പദ്ധതി പ്രകാരം ഒരാൾക്ക് 30000 രൂപയും ഭവന പുനരുദ്ധാരണം - പട്ടിക ജാതി പദ്ധതി പ്രകാരം ഒരാൾക്ക് 50000 രൂപയും മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇതുമൂലം അസി. എഞ്ചിനീയർ/ഓവർസിയർ നൽകിയിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മുഴുവൻ തുകയും ഗുണഭോക്താകൾക്ക് നൽകാൻ സാധിച്ചിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| 53/22, ഭവന പുനരുദ്ധാരണം - പൊതു വിഭാഗം | | | | |
|---|---|---|---|---|
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കെട്ടിട നം. | വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക | പദ്ധതി പ്രകാരം നൽകിയ തുക |
| 1 | കുഞ്ഞിലക്ഷ്മി | 6/58 | 55000 | 30000 |
| 2 | സൈയ്ദ് ഇബ്രാഹീം | 3/34 | 45000 | 30000 |
| 3 | സുന്ദരി | 4/294 | 43000 | 30000 |
| 4 | വസന്തകുമാരി | 7/377 | 43000 | 30000 |
| 54/22, ഭവന പുനരുദ്ധാരണം - പട്ടിക ജാതി | | | | |
| 1 | ലക്ഷ്മി | 1/124 | 75000 | 50000 |
| 2 | ജാനകി | 7/29 | 59000 | 50000 |
| 3 | കോമളം | 2/310 | 58000 | 50000 |
| 4 | പാഞ്ചാലി | 3/211 | 58000 | 50000 |

ബി) സബ്സിഡി-ധനസഹായ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 യിലെ ഖണ്ഡിക 6.7(6) പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗുണഭോക്താകളിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങി സൂക്ഷിച്ചതായി കാണുന്നില്ല.

സി) ഭവന പുനരുദ്ധാരണം - പൊതു വിഭാഗം പദ്ധതിയിലെ ഭാർഗ്ഗവി, പുൽകുടിക്കാട് (അക്കൗണ്ട് നം. 30818361444) എന്ന ഗുണഭോക്താവിന് ബിൽ നം. 22/21-22/17.12.2021 പ്രകാരം 15000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവ് 28.12.2021 ന് മരണപ്പെട്ടതിനാലും അനന്തരാവകാശികൾ ഇല്ലാത്തതിനാലും ബാങ്കിൽ നിന്നും തുക പിൻവലിച്ചിട്ടില്ലാത്തതിനാലും ഭവന പുനരുദ്ധാരണത്തിനായി

നൽകിയ 15000 രൂപ ബാങ്കിൽ നിന്നും തിരികെ ഈടാക്കുവാനായി സെക്രട്ടറിക്ക് വി ഇ ഓ കത്ത് നൽകിയിട്ടുണ്ട്. ആയത് 18.03.2022 ന് തനത് ഫണ്ടിൽ ക്രഡിറ്റായിട്ടുണ്ടെങ്കിലും നാളിതുവരെ വികസന ഫണ്ടിൽ ഓടുക്ക് വരുത്തിയിട്ടില്ല.

ഡി) ഭവന പുനരുദ്ധാരണം - പൊതു വിഭാഗം പദ്ധതിയിലെ കൊച്ചുകുട്ടിയമ്മ കെ, W/o ഉണ്ണികൃഷ്ണൻ നായർ, കാട്ടുമല്ലപറമ്പ് എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പമുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിട നം. 9/32 ന്റെ ഉടമസ്ഥൻ നാരായണൻകുട്ടി എന്നവരാണ്. എന്നാൽ റേഷൻ കാർഡിൽ (നം. 1946044164) നാരായണൻകുട്ടി എന്നവരുടെ പേരില്ല മാത്രമല്ല റേഷൻ കാർഡ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവയിൽ കെട്ടിട നം. 9/36 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. കെട്ടിട നമ്പർ പരിശോധിച്ച് ഉറപ്പ് വരുത്താതെ ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നു.

ഇ) ഭവന പുനരുദ്ധാരണം - പട്ടിക ജാതി പദ്ധതിയിലെ അമ്മിണി, W/o പഴനി, വടക്കുംപുറം എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പമുള്ള റേഷൻ കാർഡിൽ (നം. 1946042818) കെട്ടിട നം. 9/270 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല.

എഫ്) ഭവന പുനരുദ്ധാരണം - പട്ടിക ജാതി പദ്ധതിയിലെ നാരായണി, W/o ചാമി, മരുതംകുണ്ട് എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പമുള്ള താമസ സാക്ഷ്യപത്രത്തിൽ കെട്ടിട നം. 12/09എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല.

ജി) ഭവന പുനരുദ്ധാരണം - പട്ടിക ജാതി പദ്ധതിയിലെ ജാനകി, മേലേപുര എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പമുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിട നം. 7/28 ന്റെ ഉടമസ്ഥൻ കാർത്ത്യായനി എന്നവരാണ്. എന്നാൽ റേഷൻ കാർഡിൽ (നം. 1946044085) നാരായണൻകുട്ടി എന്നവരുടെ പേരില്ല മാത്രമല്ല റേഷൻ കാർഡ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവയിൽ കെട്ടിട നം. 7/29 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. കെട്ടിട നമ്പർ പരിശോധിച്ച് ഉറപ്പ് വരുത്താതെ ആനുകൂല്യം വിതരണം ചെയ്തതിരിക്കുന്നു.

എച്ച്) പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വി ഇ ഓ നൽകിയ മറുപടി ചുവടെ ചേർക്കുന്നു (നം. 08/24.02.2023).

എ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വരും വർഷങ്ങളിൽ ആവശ്യമായ തുക വകയിരുത്തുന്നതാണ്.

ബി) ഗുണഭോക്താക്കളിൽ നിന്നും വീടിനെ വാസയോഗ്യമാക്കാനുള്ള എസ്റ്റിമേറ്റ് വാങ്ങി സൂക്ഷിക്കുന്നതാണ്.

സി) ഭവന പുനരുദ്ധാരണം പദ്ധതി (ജനറൽ) പ്രകാരം ഉപയോഗിക്കാതെ തിരികെ തനത് ഫണ്ടിലടവാക്കിയ 15000 രൂപ വികസനഫണ്ടിൽ ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് രേഖകൾ സമർപ്പിക്കുന്നതാണ്.

ഡി) ഭവന പുനരുദ്ധാരണം - പൊതു വിഭാഗം പദ്ധതിയിലെ കൊച്ചുകുട്ടിയമ്മ കെ, W/o ഉണ്ണികൃഷ്ണൻ നായർ, കാട്ടുമല്ലപറമ്പ് എന്ന ഗുണഭോക്താവ് ഭർതൃപിതാവായ നാരായണൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭവനത്തിലാണ് സ്ഥിര താമസം എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചത്.

ഇ) ഭവന പുനരുദ്ധാരണം - പട്ടിക ജാതി പദ്ധതിയിലെ അമ്മിണി, W/o പഴനി, വടക്കുംപുറം എന്ന ഗുണഭോക്താവിന് എസ് സി ഡിപ്പാർട്ട്മെന്റ് മുഖേന ഭവനനിർമ്മാണ ധനസഹായം ലഭിച്ചിട്ടുള്ളതാണ്.

എന്നാൽ അറിവില്ലായ്മ കാരണം നാളിതുവരെയും വീട്ട് നമ്പറിനായി അപേക്ഷിച്ചിട്ടില്ല. വൃദ്ധയായ മാതാവും വിധവയായ മകളും കുട്ടികളും അടങ്ങുന്ന ടി കുടുംബത്തിന്റെ ഭവനത്തിന് അറ്റകുറ്റപണി അനിവാര്യമായതിനാൽ മാനുഷിക പരിഗണനവെച്ച് ഇവർക്ക് ആനുകൂല്യം അനുവദിക്കേണ്ടിവന്നു.

എഫ്) ഭവന പുനരുദ്ധാരണം - പട്ടിക ജാതി പദ്ധതിയിലെ നാരായണ്ണി, W/o ചാമി, മരുതംകുണ്ട് എന്ന ഗുണഭോക്താവിന് എസ് സി ഡിപ്പാർട്ട്മെന്റ് മുഖേന ഭവനനിർമ്മാണ ധനസഹായം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ അറിവില്ലായ്മ കാരണം നാളിതുവരെയും വീട്ട് നമ്പറിനായി അപേക്ഷിച്ചിട്ടില്ല. ഏകാംഗ കുടുംബമായ ഇവരുടെ ഭവനത്തിന് അറ്റകുറ്റപണി അനിവാര്യമായതിനാൽ മാനുഷിക പരിഗണനവെച്ച് ഇവർക്ക് ആനുകൂല്യം അനുവദിക്കേണ്ടിവന്നു.

ജി) ഭവന പുനരുദ്ധാരണം - പട്ടിക ജാതി പദ്ധതിയിലെ ജാനകി, മേലേപുര എന്ന ഗുണഭോക്താവ് ഭർതൃപിതാവായ നാരായണൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭവനത്തിലാണ് സ്ഥിര താമസം എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചത്.

എച്ച്) മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശം

1) മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ച് വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താകൾക്ക് മുഴവൻ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതും ആയത് പ്രകാരമുള്ള മുഴവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

3) ഭവന പുനരുദ്ധാരണം പദ്ധതി (ജനറൽ) പ്രകാരം ഉപയോഗിക്കാതെ തിരികെ 18.03.2022 ന് തനത് ഫണ്ടിലടവാക്കിയ 15000 രൂപ വികസനഫണ്ടിൽ ഒടുക്ക് വരുത്തി വിവരം ട്രഷറി ചലാന്റെ പകർപ്പ് സഹിതം അറിയിക്കേണ്ടതാണ്.

4) വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ പേരിൽ വീടില്ലെങ്കിൽ അവർ താമസിക്കുന്ന വീടിന്റെ ഉടമസ്ഥന്റെ പേര് ഗുണഭോക്താവിന്റെ പേര് ഉൾപ്പെടുന്ന റേഷൻ കാർഡിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തി മാത്രം ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

5) എസ് സി ഡിപ്പാർട്ട്മെന്റ് മുഖേന ഭവനനിർമ്മാണ ധനസഹായം ലഭിച്ചിട്ടുള്ള വീടിന്റെ ഉടമസ്ഥരായ അമ്മിണി W/o പഴനി, വടക്കുംപുറം, നാരായണ്ണി W/o ചാമി, മരുതംകുണ്ട് എന്നീ ഗുണഭോക്താകൾക്ക് ഭവന പുനരുദ്ധാരണം - പട്ടിക ജാതി പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത വീടുകൾക്ക് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല. ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ള അമ്മിണി W/o പഴനി, വടക്കുംപുറം, നാരായണ്ണി W/o ചാമി, മരുതംകുണ്ട് എന്നീ എസ് സി ഗുണഭോക്താകളുടെ വീട് പരിശോധിച്ച് അർഹതയ്ക്ക് വിധേയമായി കെട്ടിട നമ്പർ അനുവദിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മേണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 സമഗ്ര നെൽകൃഷി വികസനം - കൂലി ചെലവ് - ആവശ്യമായ തുക വകയിരുത്തിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 37/22, സമഗ്ര നെൽകൃഷി വികസനം 2021-22 |

| | |
|---|---|
| അടങ്കൽ | 3958000 രൂപ (വികസന ഫണ്ട് - 1730000 രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 805000 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം - 1150000 രൂപ, ഗുണഭോക്തൃ വിഹിതം - 273000 രൂപ) |
| ചെലവ് | 3484102 രൂപ (വികസന ഫണ്ട് - 1725924 രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 804960 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം - 751378 രൂപ, ഗുണഭോക്തൃ വിഹിതം - 201840 രൂപ) |
| നിർവഹണം | കൃഷി ഓഫീസർ |

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിൽ 230 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്ന 856 കർഷകർക്ക് നെൽ വിത്ത്, കൂലി ചെലവ് എന്നീ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(കൈ) നം.22/2018/ ത.സ്വ.ഭ.വ തീയതി 14.02.18 ലെ സബ്സിഡി മാർഗ്ഗ രേഖ ഖ. 6.1.7 നിലവിലുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ചതു പ്രകാരം ഒരു ഹെക്ടറിന് ഒരു സീസണിൽ അനുവദിക്കാവുന്ന പരമാവധി തുക 22000 രൂപയായി നിശ്ചയിച്ചിട്ടുണ്ട് (സ.ഉ. (സാധാ) നം. 1009/2020/ത.സ്വ.ഭ.വ തീയതി 29.05.2020സുഭിക്ഷ കേരളം പദ്ധതി ഖണ്ഡിക 2.5). എന്നാൽ സമഗ്രനെൽകൃഷി വികസനം പദ്ധതിയിലൂടെ ഒരു ഹെക്ടറിന് 13405.79 രൂപ നിരക്കിൽ 230 ഹെക്ടർ കൃഷിക്ക് 3083332 രൂപ മാത്രമാണ് കൂലി ചെലവ് ഇനത്തിൽ ചെലവഴിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം ആവശ്യമായ തുക ഉഴവ് കൂലി ഇനത്തിൽ വകയിരുത്തിയിട്ടില്ല.

2. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/24.02.2023) വരും വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആവശ്യമായ തുക വകയിരുത്തുന്നതാണെന്നും മേണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1) നെൽ കർഷകർക്ക് പരിഷ്കരിച്ച നിരക്കിലുള്ള ഉഴവ് കൂലി മുഴുവനായും ലഭ്യമാക്കുന്നതിനാവശ്യമായ തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മേണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

1-19 ന്യൂട്രീമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

| പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|

| | | |
|---|---|---|
| | | |
| 7/22, അങ്കണവാടി പോഷകാഹാരം | 1899952 രൂപ (വികസന ഫണ്ട് – 1400000, കേന്ദ്രാവിഷ്കൃത ഫണ്ട് – 499952) | 1798648 രൂപ (വികസന ഫണ്ട് – 1400000, കേന്ദ്രാവിഷ്കൃത ഫണ്ട് – 398648) |
| 32/22, അങ്കണവാടി പോഷകാഹാരം (എസ്.സി.പി) | 499924 രൂപ (വികസന ഫണ്ട് (എസ്.സി.പി) – 300000, കേന്ദ്രാവിഷ്കൃത ഫണ്ട് – 199924) | 352613 രൂപ (വികസന ഫണ്ട് – 300000, കേന്ദ്രാവിഷ്കൃത ഫണ്ട് – 52613) |

നിർവഹണം – ഐ സി ഡി എസ് സൂപ്പർവൈസർ

മേൽ അങ്കണവാടി പോഷകാഹാരം പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 21 അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ്/ആരോഗ്യമിക്സ് അമ്മൂ ഫുഡ്, കൊടുന്തിരപ്പുള്ളി (അക്കൗണ്ട് നമ്പർ – 1443201000184, കാനറ ബാങ്ക്, GST IN – 32ATQPB1192F1ZZ) എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. 5% ജി എസ് ടി ഉൾപ്പെടയുള്ള തുകയാണ് ഇൻവോയ്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അമൃതം ന്യൂട്രിമിക്സ്/ആരോഗ്യമിക്സ് എന്നിവ വാങ്ങുന്നതിനായി 2021-22 വർഷം വിവിധ ഇൻവോയ്സുകൾ പ്രകാരം 1281628 രൂപ (ജി എസ് ടി ഉൾപ്പെടാത്ത തുക) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല.

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം. ഡി.എ1/87/2019/തസ്വ.ഭ.വ തീയതി 08.03.2019 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി ഡി എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം. ഡി.എ1/87 /2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയിട്ടില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/24.02.2023) തുടർന്ന് വരുന്ന ബില്ലുകളിൽ ജി എസ് ടി – ടി ഡി എസ് ഈടാക്കി അടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ്

നടത്തുവാൻ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കുവാൻ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും സപ്ലെയർ ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-20 അങ്കണവാടി പോഷകാഹാരം - അധിക തുക അനുവദിച്ചിരിക്കുന്നു

| പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 7/22, അങ്കണവാടി പോഷകാഹാരം | 1899952 രൂപ (വികസന ഫണ്ട് - 1400000, കേന്ദ്രാവിഷ്കൃത ഫണ്ട് - 499952) | 1798648 രൂപ (വികസന ഫണ്ട് - 1400000, കേന്ദ്രാവിഷ്കൃത ഫണ്ട് - 398648) |

നിർവഹണം - ഐ സി ഡി എസ് സൂപ്പർവൈസർ

മേൽ പദ്ധതി പ്രകാരം പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 21 അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ് (സെപ്റ്റംബർ 2020) വിതരണം ചെയ്തതിന് അമ്മൂ ഫുഡ്, കൊടുന്തിരപ്പുള്ളി (അക്കൗണ്ട് നമ്പർ - 1443201000184, കാനറ ബാങ്ക്, GST IN - 32ATQPB1192F1ZZ) എന്ന സ്ഥാപനത്തിന് 73720 രൂപ അനുവദിച്ചിട്ടുണ്ട് (ബിൽ നം. 01/21-22/14.07.2021).

എന്നാൽ സ്ഥാപനം സമർപ്പിച്ചിട്ടുള്ള ഇൻവോയ്സ് (നം. 227/14.09.2020) പ്രകാരമുള്ള തുക 73270 രൂപയാണ്. അധികമായി 450 (73720-73270) രൂപ സ്ഥാപനത്തിന് അനുവദിക്കുവാനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/24.02.2023) ക്ലറിക്കൽ പിശക് മൂലം സംഭവിച്ചതാണെന്നും തുടർന്ന് വരുന്ന ബില്ലിൽ ക്രമീകരിച്ച് നൽകുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഇൻവോയ്സ് നം. 227/14.09.2020 പ്രകാരം അധികമായി നൽകിയ 450/- രൂപ അടുത്ത ബില്ലിൽ ക്രമീകരിക്കുകയോ അല്ലെങ്കിൽ തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം., പേര് | 68/22, കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 1250000 രൂപ (വികസന ഫണ്ട് - 312500, സംസ്ഥാനാവിഷ്കൃത ഫണ്ട് - |

| | |
|---|---|
| | 312500, മറ്റുള്ളവ - 625000) |
| ചെലവ് | 312500 രൂപ (വികസന ഫണ്ട്, ബിൽ നം. 04/21-22/12.11.2021) |
| നിർവഹണം | വെറ്റിനറി സർജൻ |

മേൽ പദ്ധതി പ്രകാരം കന്നുകുട്ടി പരിപാലനത്തിനായി ഒരു ഗുണഭോക്താവിന് 6250 രൂപ തോതിൽ 50 ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതമായ 312500 രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസറുടെ അക്കൗണ്ടിലേക്ക് (നം. 714021400000008) മാറി നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പദ്ധതി പൂർത്തീകരിച്ചതിന് ശേഷം കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 12/24.02.2023).

ഓഡിറ്റ് നിർദ്ദേശം

1) പദ്ധതി പൂർത്തീകരിച്ചതിന് ശേഷം കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

2) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

1-22 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത എസ് സി ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു. സ.ഉ. (എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്നും കരാറിൽ ഏർപ്പെടണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, ഖണ്ഡിക 7 ൽ പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/24.02.2023) ലഭ്യമാക്കിയ മറുപടി പട്ടികയിലെ റിമാർക്സ് കോളത്തിൽ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | രമേഷ്, S/o വേലായുധൻ, അരിയേക്രപറമ്പ് | 360000 | 40000 | 21.11.2022 | ഭവന നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | | പൂർത്തിയാക്കുന്ന മുറയ്ക്ക് അവസാന ഗഡു അനുവദിക്കുന്നതാണ്. |
| 2 | കല്ല്യാണി, W/0 വേലായുധൻ, മാരാത്ത്പറമ്പ് | 300000 | 100000 | 17.09.2022 | നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തിയ്ക്കാൻ ആവശ്യപ്പെട്ട് പഞ്ചായത്തിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| 3 | തങ്കം എന്ന വെള്ളച്ചി, W/o രാമൻ, താനിക്കപ്പറമ്പ് | 300000 | 100000 | 27.08.2021 | ,, |
| 4 | രമാദേവി, W/o മണികണ്ഠൻ, ചേരിക്കല്ലിൽ | 350000 | 50000 | 19.09.2022 | ഭവന നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. പൂർത്തിയാക്കുന്ന മുറയ്ക്ക് അവസാന ഗഡു അനുവദിക്കുന്നതാണ്. |
| 5 | ഉഷ, W/o ഉണ്ണിക്കുട്ടൻ, വണ്ടിയിൽപറമ്പ് | 340000 | 60000 | 19.01.2023 | ,, |
| 6 | പാഞ്ചാലി, W/o കുട്ടൻ, ചിറക്കാട് | 300000 | 100000 | 21.11.2022 | നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തിയ്ക്കാൻ ആവശ്യപ്പെട്ട് പഞ്ചായത്തിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

ഓഡിറ്റ് നിർദ്ദേശം

1) ഭവന നിർമ്മാണം പൂർത്തിയാക്കാത്ത 6 എസ് സി ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടത്.

2) ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ബാക്കി നൽകുവാനുള്ള തുക അനുവദികേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-23 വണ്ടി വാടക – ഒരു വണ്ടിയിലെ ഒരേ ദിവസത്തെ യാത്രയ്ക്ക് രണ്ട് പദ്ധതികളിൽ നിന്നായി തുക മാറി നൽകിയിരിക്കുന്നു

ഒരു വണ്ടിയിലെ ഒരേ ദിവസത്തെ യാത്രയ്ക്ക് രണ്ട് പദ്ധതികളിൽ നിന്നായി തുക മാറി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വണ്ടി നം. - KL09AP928

ഡ്രൈവറുടെ പേര് - എം ടി ചന്ദ്രൻ

അക്കൗണ്ട് നം. - 36534430554, എസ് ബി ഐ

| ക്രമ നം. | പ്രൊജക്റ്റ് നം., പേര് | ബിൽ നം./തീയതി | യാത്രാ തീയതി | ട്രിപ്പ് ഷീറ്റ് നം. (സമയം) | നൽകിയ തുക (രൂപയിൽ) |
|---|---|---|---|---|---|
| 1 | 8/22, സാന്ത്വന പരിചരണം | 01/21-22 /17.05.2021 | 12.02.2021 | 2195 (9.40am To 4.30pm) | 900 |
| | 9/22, ദേശീയ ആരോഗ്യ പരിപാടി | 03/21-22 /17.05.2021 | 12.02.2021 | 2116 (10am To 12 Noon) | 750 |
| 2 | 8/22, സാന്ത്വന പരിചരണം | 01/21-22 /17.05.2021 | 12.03.2021 | 2130 (9am To 4.30pm) | 900 |
| | 9/22, | 03/21-22 | 12.03.2021 | 2119 | 750 |

| | | | | | |
|---|---|---|---|---|---|
| | ദേശീയ ആരോഗ്യ പരിപാടി | /17.05.2021 | | (10am To 12 Noon) | |
| 3 | 8/22, സാന്ത്വന പരിചരണം | 01/21-22 /17.05.2021 | 19.03.2021 | 2134 (9am To 4.30pm) | 900 |
| | 9/22, ദേശീയ ആരോഗ്യ പരിപാടി | 03/21-22 /17.05.2021 | 19.03.2021 | 2120 (10am To 12 Noon) | 750 |

അലോപ്പതി മെഡിക്കൽ ഓഫീസറായി നിർവ്വഹിച്ചിട്ടുള്ള ടി പ്രോജക്ടുകളിൽ മേൽ പ്രകാരം രണ്ട് ട്രിപ്പ് ഷീറ്റുകൾ ഉപയോഗിച്ച് ഒരു വണ്ടിയിലെ ഒരേ ദിവസത്തെ യാത്രയ്ക്ക് രണ്ട് പദ്ധതികളിൽ നിന്നായി തുക മാറി നൽകിയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/27.02.2023) മേൽ രണ്ട് പദ്ധതികൾക്കും ശ്രീ. എം ടി ചന്ദ്രൻ എന്ന വ്യക്തിയാണ് വാഹന സൗകര്യം ഏർപ്പെടുത്തി തരാറുള്ളതെന്നും ഒരു ദിവസം തന്നെ ഈ രണ്ടു പദ്ധതികളുടേയും പരിപാടികൾ വരുന്ന ദിവസങ്ങളിൽ ഇദ്ദേഹം തന്നെ വേറെ വാഹനം ഏർപ്പെടുത്തി തരാറാണ് പതിവെന്നും മേൽ പറഞ്ഞ ദിവസങ്ങളിൽ നോട്ടപിശക് മൂലം ശ്രീ. എം ടി ചന്ദ്രൻ അദ്ദേഹത്തിന്റെ വണ്ടിയുടെ തന്നെ ട്രിപ്പ് ഷീറ്റ് തരുകയും അത് വൗച്ചറായി ബില്ലിന്റെ കൂടെ നൽകുകയുമാണ് ചെയ്തതെന്നുള്ള മറുപടി നൽകിയിട്ടുണ്ടെങ്കിലും സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

രണ്ട് ട്രിപ്പ് ഷീറ്റുകൾ ഉപയോഗിച്ച് ഒരു വണ്ടിയിലെ ഒരേ ദിവസത്തെ യാത്രയ്ക്ക് രണ്ട് പദ്ധതികളിൽ നിന്നായി തുക മാറി നൽകിയതിത് ക്രമപ്രകാരമല്ല. മറുപടി പ്രകാരം വേറെ വണ്ടിയാണ് ഉപയോഗിച്ചതെന്ന് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകുന്നത് വരെ വണ്ടി വാടകയിനത്തിൽ അധികമായി നൽകിയ 2250 (750+750+750) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 സാന്ത്വന പരിചരണം - പരിഷ്കരിച്ച സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സാന്ത്വന പരിചരണം പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കിടപ്പിലായ രോഗികളെ വീട്ടിൽ ചെന്ന് പരിചരിക്കുകയും ആവശ്യമായ മരുന്നുകളും സാമഗ്രികളും നൽകുകയും ചെയ്തു വരുന്നു. 07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.4.1 പ്രകാരം ആഴ്ചയിൽ 4 ദിവസമെങ്കിലും രാവിലെ 9.30 മുതൽ വൈകീട്ട് 4.30 വരെ ഏകദേശം 8 രോഗികളെ കാണാനാവുന്ന വിധത്തിൽ ഹോംകെയർ സന്ദർശനം ക്രമപ്പെടുത്തേണ്ടതാണെന്ന്

നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ഹോംകെയർ ടീം ഈ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | മാസം/വർഷം | ഹോംവിസിറ്റ് രജിസ്റ്റർ പ്രകാരം സന്ദർശനം നടത്തിയ ആകെ ദിവസം |
|---|---|---|
| 1 | ഏപ്രിൽ 2021 | 14 ദിവസം |
| 2 | മെയ് 2021 | 11 ദിവസം |
| 3 | ജൂൺ 2021 | 13 ദിവസം |
| 4 | ജൂലൈ 2021 | 12 ദിവസം |
| 5 | ഒക്ടോബർ 2021 | 11 ദിവസം |

2. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 2.9.2 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) രണ്ട് മാസത്തിലൊരിക്കലോ, ആവശ്യാനുസരണമോ യോഗം ചേരേണ്ടതും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ വിലയിരുത്തി പരിഹാര നടപടികൾ നിർദ്ദേശിക്കേണ്ടതും മെമ്പർ സെക്രട്ടറി അവതരിപ്പിക്കുന്ന ഓരോ മാസത്തേയും റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും അംഗീകരിക്കേണ്ടതുമാണ്.

എന്നാൽ 2021-22 വർഷത്തിൽ രണ്ട് പ്രാവശ്യം മാത്രമാണ് പി.എം.സി യോഗങ്ങൾ ചേരുന്നിട്ടുള്ളത് (24.09.2021 & 30.12.21). കൃത്യമായ ഇടവേളകളിൽ പി.എം.സി യോഗങ്ങൾ ചേരുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/27.02.2023) മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-25 മരാമത്ത് പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ

റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. അസി. എഞ്ചിനീയിർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | SO 114/22- പഞ്ചായത്ത് കിണർ പുനരുദ്ധാരണം 386939 ബിൽ നം. 40/31-3-2022, 385381രൂ. ,, | 21-5-2021 | 25-5-2021 | 20/AE/LSGD/TNK/ 15-7-2021 ഹരിദാസ് .പി.ബി. | 3869 | 0 | 3869 |
| 2. | SO 102/22- തട്ടക്കശ്ശേരി വലിയപറമ്പ് തോണ്ടപ്പാറ റോഡ് വൈഡനിങ്ങ് ആന്റ് റീടാറിങ്ങ് 1135168 ബിൽ നം. 21/15-3-2022, 1135168രൂ. ,, | 21-5-2021 | 25-5-2021 | 20/AE/LSGD/TNK/ 15-7-2021 ഹരിദാസ് .പി.ബി. | 11352 | 0 | 11352 |
| ആകെ | | | | | | | 15221 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/28-2-2023, 23/27-2-2023) ലഭ്യമാക്കിയ മറുപടിയിൽ പിഴ ഇനത്തിൽ കുറവ് സംഭവിച്ച തുക ഉത്തരവാദിയായ കരാറുകാരിൽ നിന്നും ഈടാക്കി അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പിഴ ഇനത്തിൽ കുറവ് സംഭവിച്ചിട്ടുള്ള തുക 15221 രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയർമാരിൽ ഈടാക്കേണ്ടതാണ്.

## 1-26 മരാമത്ത് രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

തൻവർഷം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പിൽ താഴെസൂചിപ്പിക്കുന്ന അപര്യാപ്തതകൾ കാണുന്നു.

1. തൻവർഷം നടത്തിയിട്ടുള്ള പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ള എം.ബുക്കുകളുടെ സ്റ്റോക്ക് റജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക് റജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. റോഡ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/27-2-2023)ടി രജിസ്റ്ററുകൾ കാലികമാക്കി

പരിശോധനയ്ക്ക് സമർപ്പിക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ലഭ്യമാകുന്നില്ല.

അസി. എൻജിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/16 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി.എൻജിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 36523559945- SBI) 3/2022ൽ ബാലൻസുള്ള 83955രൂ. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല. അതിനുശേഷം വന്ന തുകകളും അടവാക്കിയിട്ടില്ല (19-1-2023വരെ 145000 രൂ.).

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/27-2-2023) ലഭ്യമാക്കിയ മറുപടിയിൽ ടി തുക ഉടൻതന്നെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറ്റം നടത്താം എന്ന് അറിയിച്ചിട്ടുണ്ട്. ടി നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 കുടിവെള്ള പദ്ധതി ഭാഗികമായി ഇനങ്ങൾ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നു. പദ്ധതി ഉപയോഗക്ഷമമായിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന കുടിവെള്ള പദ്ധതി ഭാഗികമായി ഇനങ്ങൾ ഉൾപ്പെടുത്തി നിർവ്വഹിച്ചിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പ്രവൃത്തിയുടെ പേര് | 100/22, മുണ്ടക്കൽ പള്ളിയാൽ കുടിവെള്ള പദ്ധതി |
| അടങ്കൽ, ഫണ്ടിനം | 150000, (വികസന ഫണ്ട് (എസ്.സി.പി) ) |
| ചെലവ് വിവരങ്ങൾ | 134937 , ബിൽ നം. 8/3-12-21, 134937 |
| കരാറുകാരൻ | മനോജ്. കെ.എ |
| എം.ബുക്ക് നം. | 281/2020-21 |

മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ 5HP മോട്ടോർ സ്ഥാപിക്കൽ, 24 മീറ്റർ നീളത്തിൽ ജി.ഐ. പൈപ്പുകൾ ഇടൽ, വാട്ടർ ടാങ്ക് സ്ഥാപിക്കൽ എന്നീ ഇനങ്ങളാണ് നിർവ്വഹിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിൽ ഉൾപ്പെട്ട കെ.എസ്.ഇ.ബി കണക്ഷൻ സ്ഥാപിക്കൽ എന്ന ഇനം ചെയ്തിട്ടുമില്ല. നിലവിൽ പദ്ധതി ഉപയോഗക്ഷമമായിട്ടില്ല.

ഇതു സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1) ടി പ്രവൃത്തിയുടെ മുൻപ്രോജക്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) വാട്ടർ ടാങ്കിന്റെ പ്ലാറ്റ്ഫോം ഇല്ലാതെ എപ്രകാരമാണ് ടാങ്ക് സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടില്ല.

3) എസ്റ്റിമേറ്റിൽ ഉൾപ്പെട്ട കെ.എസ്.ഇ.ബി കണക്ഷൻ നൽകൽ എന്ന ഇനം ചെയ്യാതിരുന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

4) കിണർ, ടാങ്ക് സ്ഥാപിച്ച സ്ഥലം, മോട്ടോർ പമ്പ് ഹൗസ് എന്നിവയിൽ ഏതെങ്കിലും സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണോ എന്നും ആണെങ്കിൽ സ്ഥലം വിട്ടുകിട്ടിയ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) പമ്പ്ഹൗസ് ആദ്യം നിർമിച്ചതായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കാണുന്നു. മോട്ടോർ സ്ഥാപിക്കാതെ ഇപ്രകാരം ചെയ്യാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

6) കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറിയ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കായിട്ടില്ല.

7)പ്രവൃത്തിക്ക് ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും ഫണ്ടിന്റെ അപര്യാപ്തത ഉണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി നിർവ്വഹിക്കണം എന്നുമുള്ള പദ്ധതി മാർഗരേഖ നിർദേശങ്ങൾ പാലിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(27/28-2-2023) പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ നിലവിൽ ഉണ്ടായിരുന്ന പദ്ധതിയിലെ മോട്ടോറും ടാങ്കും കേടായതിനാലാണ് ഇപ്രകാരം പ്രവൃത്തി നിർവ്വഹിച്ചത് എന്നും സൂചിപ്പിച്ചിരിക്കുന്നു. മറുപടി ഭാഗികമായി മാത്രം സ്വീകരിക്കാൻ കഴിയുകയുള്ളു എന്നതിനാൽ മേൽസൂചിപ്പിച്ച കാര്യങ്ങൾക്കുള്ള വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 134937/-രൂ. തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 21.02.2023 മുതൽ 27.02.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വാർഷികകണക്കിൽ മുൻവർഷങ്ങളിൽ ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക 1292184/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 259434/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക ഏത് പദ്ധതികൾക്കായി ലഭ്യമായതാണെന്നുള്ളതിന്റെ വിശദവിവരം അപ്രോപ്രിയേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതാണ്.

2021-22 വർഷത്തിൽ ലഭ്യമായതും ചെലവഴിച്ചതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 21-22 | 804960 | 37/22 സമഗ്ര നെൽകൃഷി വികസനം | 804960 | 0 |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 21-22 | 550600 | ലൈഫ് പദ്ധതി SC-39/22 | 550600 | 0 |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 21-22 | 350000 | ലൈഫ് പദ്ധതി SC-39/22 | 350000 | 0 |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 21-22 | 20000 | 33/22 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 20000 | 0 |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 21-22 | 200000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് -29/22 | 200000 | 0 |
| ആകെ-1925560 | | | | 1925560 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 21-22 | 40000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് -31/22 (എസ് സി) | 40000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 21-22 | 250000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് -29/22 | 250000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 21-22 | 751378 | 37/22 സമഗ്ര നെൽകൃഷി വികസനം | 751378 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 21-22 | 160000 | 33/22 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 160000 | 0 |
| ആകെ | | 1201378 | | 1201378 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ100000/- രൂപ ലഭ്യമായത് ചെലവഴിച്ചിട്ടുണ്ട്.

മുൻ വർഷങ്ങളിൽ എടുത്ത വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ - ലൈഫ് പദ്ധതി | 2018-19 | 4983665+ 100000(തൻവർഷം) | 4191665 | 704000 | 0 | 3587665 |

## 4-6 സ്ഥിരനിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഒന്നുമില്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 5694436 |
| ഓഡിറ്റ് വർഷത്തെ വരവ് | 56120600 |

| | |
|---|---|
| ആകെ | 61815036 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 58903483 |
| നീക്കിയിരിപ്പ് | 2911553 |
| വരവിനങ്ങളിലുള്ള നഷ്ടം | – |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരി ക്കാത്ത തുക | – |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 137187 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 2250 | ഡേ. അർച്ചന.വി, മെഡിക്കൽ ഓഫീസർ, അലോപ്പതി. |
| 1-28 | 134937 | ശ്രീമതി. അഖില.പി.എസ്., അസി.എഞ്ചിനീയർ |
| ആകെ. | 137187 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 15221 | ശ്രീമതി. അഖില.പി.എസ്., അസി.എഞ്ചിനീയർ |
| ആകെ. | 15221 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അഖില.പി.എസ്., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പിരായിരി ഗ്രാമപഞ്ചായത്ത് | അപ്സര കോട്ടേജ്, പുതുശ്ശേരി, പാലക്കാട് |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 0 |
| 1997-98 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 0 |
| 1998-99 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 0 |
| 1999-00 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 0 |
| 2000-01 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 2 |
| 2001-02 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 0 |
| 2002-03 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 1 |
| 2003-04 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 1 |
| 2004-05 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 0 |

| | | |
|---|---|---|
| 2005-06 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 2 |
| 2006-07 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 2 |
| 2007-08 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 2 |
| 2008-09 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 1 |
| 2009-10 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 0 |
| 2010-11 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 1 |
| 2011-12 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 1 |
| 2012-13 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 3 |
| 2013-14, 2014-15 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 3 |
| 2015-16 | നം.കെ.എസ്.എ-പികെഡി.17/1898/2022 ,23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 1 |
| 2016-17 | നം.കെ.എസ്.എ-പികെഡി.17-1361/201തീ.12-3-2018 | 7 |

| | | |
|---|---|---|
| 2017-18 | നം.കെ.എസ്.എ-<br>പികെഡി17/168/2019 തീയതി:<br>-18.10.2019 | 31 |
| 2018-19 | നം.കെ.എസ്.എ.പി.കെ.ഡി<br>പി17-1642/19<br>തീ. 4-2-2020 | 8 |
| 2019-20 | നം.കെ.എസ്.എ.പി.കെ.ഡി പി17<br>/1212/21, | 8 |
| 2020-21 | നം.കെ.എസ്.എ.പി.കെ.ഡി പി17<br>/1213/21,11.10.21 | 15 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Keralasseri Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 20592209.75 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 19876.00 |
| 312000000 | Reserves | B-3 | 46817087.00 |
| | Total Reserve & Surplus | | 67429172.75 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2875234.00 |
| | Total Grants, Contributions for Specific Purposes | | 2875234.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 3587665.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 3587665.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 192684.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 922969.25 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1115653.25 |
| | TOTAL LIABILITIES | | 75007725.00 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 137517.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 204702.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 17106168.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 62818785.00 |
| 416000000 | Accumulated Depreciation | B-11(a) | -13562493.00 |
| | Total Fixed Assets | | 66704679.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 632118.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 3587665.00 |
| 450000000 | Cash and Bank Balance | B-17 | 2911553.00 |
| 460000000 | Loans, Advances and Deposits | B-18 | 1171710.00 |
| 461000000 | Accumulated Provisions against | B-18(a) | 0.0 |

| | | | |
|---|---|---|---|
| | Loans,Advances and Deposits | | |
| | Total Current Assets, Loans and Advances | | 8303046.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 75007725.00 |

| | | | |
|---|---|---|---|
| | Keralasseri Grama Panchayat<br><br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2329295.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br><br>(BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 25248.00 |
| 140000000 | Fee & User Charges | I-4 | 367725.00 |
| 150000000 | Sale & Hire Charges | I-5 | 135912.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br><br>Subsidies | I-6 | 119486016.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 18491.00 |
| 180000000 | Other Income | I-9 | 1500.00 |
| 190000000 | Prior Period Income | I-19 | 26880.00 |
| | Total Income | | 122364187.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11490307.00 |
| 220000000 | Administrative Expenses | I-11 | 449076.00 |
| 230000000 | Operations & Maintenance | I-12 | 1314222.00 |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 4015.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6126378.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 20530641.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 11882750.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 28930514.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 42879408.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 3302387.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000.00 |
| 270000000 | Provisions and Write off | I-16 | 0.0 |

| | | | |
|---|---|---|---|
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 122215.00 |
| | Total Expenditure | | 127032913.00 |
| | Gross Surplus / Deficit of income over Expenditure | | 4668726.00 |
| | Gross Surplus / Deficit of income over Expenditure | | 4498462.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -197144.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -170264.00 |

| | | | |
|---|---|---|---|
| | Keralasseri Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5673099.00 |
| Cash | Cash | RP-40(a) | 21337.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 426890.00 |
| 140000000 | Fees & User Charges | RP-4 | 206718.00 |
| 150000000 | Sale & Hire Charges | RP-5 | 135912.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 39243070.00 |
| 171000000 | Interest Earned | RP-9 | 18491.00 |
| 190000000 | Prior Period Income | RP-11 | 24380.00 |
| 210000000 | Establishment Expenses | RP-12 | 691.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | RP-19 | 0.0 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 3500.00 |
| 311000000 | Earmarked Funds | RP-28 | 703.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 12501612.00 |
| 431000000 | Sundry Debtors | RP-45 | 3079129.00 |

| | | | |
|---|---|---|---|
| | (Receivables) | | |
| 460000000 | Loans, Advances and Deposits | RP-49 | 21000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1500.00 |
| 330000000 | Secured Loans | RP-31 | 100000.00 |
| 340000000 | Deposits Received | RP-33 | 7650.00 |
| 350000000 | Other Liabilities | RP-35 | 349354.00 |
| | Grand total | | 61815036.00 |
| | PAYMENTS | | |
| | Operating | | |
| 190000000 | Prior Period Income | RP-11 | -2500.00 |
| 210000000 | Establishment Expenses | RP-12 | 1950892.00 |
| 220000000 | Administrative Expenses | RP-13 | 197543.00 |
| 230000000 | Operations & Maintenance | RP-14 | 845094.00 |
| 240000000 | Interest & Finance Charges | RP-15 | 1242.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-16 | 8072919.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 12975308.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-18 | 9384192.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 300623.00 |
| 412000000 | Capital Work In Progress | RP-39 | 1734898.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 877441.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 3100.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-45 | 604905.00 |
| 460000000 | Loans, Advances and Deposits | RP-49 | 1292960.00 |
| 470000000 | Other Assets | RP-50 | 60000.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 34064.00 |
| 350000000 | Other Liabilities | RP-35 | 20366100.00 |
| 413000000 | Annual Plan- Capital Expences (Productive Sector) | RP-40 | 204702.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 2893662.00 |
| Cash | Cash | RP-40(b) | 17891.00 |

ഡെപ്യൂട്ടി ഡയറക്ടർ